DESPATCHED
On. 06/02/2020

18.1.20

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ CP.No.262(6/2018/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.2438/SIC-Gen5/2018**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. റെബിൻ സി. രാജൻ,
ചുങ്കത്ത് ഹൗസ്,
ഗുഹ ബ്ലോക്ക് റോഡ്,
പി.ഒ. ചൊവ്വന്നൂർ,
തൃശ്ശൂർ, പിൻ – 680 517. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
എൽ.എം.യു.പി.സ്കൂൾ,
പെരുമ്പിലാവ് പി.ഒ.,
തൃശ്ശൂർ – 680 519. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 29/01/2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 5/02/2018 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 10/03/2018 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 13/03/2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 07/01/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 16/01/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 18/01/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, തൃശ്ശൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. റെബിൻ സി.രാജൻ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ 45 ദിവസങ്ങൾ കഴിഞ്ഞിട്ടും എതിർകക്ഷി യാതൊരു മറുപടിയും നൽകിയില്ല എന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ എത്ര ഡിവിഷനുണ്ടെന്നും
ii. 5 മുതൽ 7 വരെയുള്ള ക്ലാസ്സുകളിൽ എത്ര ഡിവിഷനുണ്ടെന്നും

iii. ടി.ടി.സി. യോഗ്യതയുള്ളവർ എത്ര പേർ എൽ.പി.എസ്.എ ആയി ജോലി ചെയ്യുന്നു എന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ 5.2.2018 തീയതി സാധാരണ പോസ്റ്റിൽ മറുപടി അയച്ചു നൽകിയിരുന്നു എന്നും ഹർജിക്കാരന് നൽകിയ മറുപടി കത്തിന്റെ പകർപ്പ് റിപ്പോർട്ടിനൊപ്പം ഉൾക്കൊളളിക്കുന്നു എന്നും ആയത് ഹർജിക്കാരന് അയച്ചു നൽകിയിട്ടുണ്ടെന്നും മറ്റുമാണ്.

4. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ 13.1.2020 ലാണ് ടിയാന് ലഭിച്ചതെന്നാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ സമയബന്ധിതമായി മറുപടി നൽകിയിരുന്നു എന്നാണ് കമ്മീഷൻ മുമ്പാകെ ഹാജരായ എതിർകക്ഷി ബോധിപ്പിച്ചത്. ഹർജിക്കാരന് 5.2.2018 തീയതി മറുപടി നൽകിയിരുന്നു എന്നു സ്ഥാപിക്കുന്ന കത്തിന്റെ ഡ്രാഫ്റ്റ് എതിർകക്ഷി ഓഫീസിലെ ഫയലിൽ ലഭ്യമാണെന്നാണ് എതിർകക്ഷി അറിയിച്ചത്. ആയതിനാൽ മേൽപ്പടി ഡ്രാഫ്റ്റ് കത്തിന്റെ പകർപ്പ് ഹർജിക്കാരനും കമ്മീഷനും അയച്ചു നൽകണമെന്ന് നിർദ്ദേശിക്കുന്നു. അപ്രകാരമുള്ള കത്തിന്റെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം ഹാജരാക്കില്ലെങ്കിൽ ഹർജിക്കാരന് സമയബന്ധിതമായി മറുപടി ഒന്നും നൽകിയിരുന്നില്ല എന്ന നിഗമനത്തിൽ കമ്മീഷൻ പരാമർശിത കാലയളവിലെ എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 18-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM